File Ref.No.229168/EQ & MG ASST-1/2025/Admn

UNIVERSITY OF CALICUT

Abstract

തമിഴ്നാട് ടീച്ചേർസ് എഡ്യൂക്കേഷൻ യൂണിവേഴ്സിറ്റിയിൽ നിന്ന് റെഗുലർ പഠന രീതിയിൽ ബി.എഡ് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ തുല്യത സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിർദിഷ്ട മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

Equivalency and Migration

U.O.No. 6479/2026/Admn Dated, Calicut University.P.O, 24.04.2026

Read:-1. ശ്രീ. വിപിൻദാസ് സി പി നൽകിയ പരാതി.

2. 23.04.2026 തിയ്യതിയിലെ ഇതേ ഫയലിൽ ജനറൽ ആൻഡ് അക്കാഡമിക് വിഭാഗത്തിൽ നിന്നും കൈമാറിയ എജ്യുക്കേഷൻ ഫാക്കൽറ്റി ഡീൻ അംഗീകരിച്ച, എഡ്യൂക്കേഷൻ പഠന ബോർഡ് അധ്യക്ഷന്റെ നിർദ്ദേശം.

3. 23.04.2026 തിയ്യതിയിലെ വൈസ് ചാൻസലറുടെ ഇതേ ഫയലിലെ ഉത്തരവ്.

ORDER

മേൽ പരാമർശം (1) പ്രകാരം, തമിഴ്നാട് ടീച്ചേർസ് എഡ്യൂക്കേഷൻ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ നിന്നും റെഗുലറായി നേടുന്ന ബി.എഡ് ബിരുദവുമായി ബന്ധപ്പെട്ട് വിപിൻദാസ് സി പി എന്ന വ്യക്തി നൽകിയ പരാതി സമർപ്പിച്ചിരുന്നു.

പരാമർശം (2) പ്രകാരം, ടി വിഷയത്തിന്റെ ആവശ്യകത മുൻനിർത്തി എഡ്യൂക്കേഷൻ പഠന ബോർഡ് അധ്യക്ഷൻ, തമിഴ്നാട് ടീച്ചേർസ് എഡ്യൂക്കേഷൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എഡ് പൂർത്തിയാക്കിയവർ റെഗുലർ മോഡിൽ പഠിച്ചതാണെന്ന് ഉറപ്പാക്കാൻ ട്രാൻസ്ക്രിപ്റ്റ് സർട്ടിഫിക്കറ്റിനു പുറമേ താഴെപ്പറയുന്ന രേഖകൾ കൂടി **സർവ്വകലാശാലാ രജിസ്ട്രാറുടെ മേലൊപ്പോടു** കൂടി സ്വീകരിക്കാമെന്ന് എജ്യുക്കേഷൻ ഫാക്കൽറ്റി ഡീൻ അംഗീകാരത്തോടു കൂടി പഠന ബോർഡ് അദ്ധ്യക്ഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

- റെഗുലർ മോഡിൽ പ്രവേശനം നേടിയതായി വ്യക്തമാക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള Genuineness Certificate.
- NCTE/സർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഹാജർ തെളിവ് (സെമസ്റ്റർ അടിസ്ഥാനത്തിലുള്ള ഹാജർ ട്രാൻസ്ക്രിപ്റ്റ് ഉൾപ്പെടെ)
- ഇന്റേൺഷിപ്പ്, ടാസ്കുകൾ, അസൈൻമെന്റുകൾ തുടങ്ങിയ ആഭ്യന്തര മൂല്യനിർണ്ണയ ഘടകങ്ങൾ വ്യക്തിപരമായി പൂർത്തിയാക്കിയതായി സ്ഥിരീകരിക്കുന്ന സർട്ടിഫിക്കറ്റ്.

കാലിക്കറ്റ് സർവ്വകലാശാലാ ചട്ടം, 1975, സെക്ഷൻ 10(13) പ്രകാരം വിഷയം അക്കാദമിക് കൗൺസിലിന് മുന്നിൽ റിപ്പോർട്ട് ചെയ്യണം എന്ന നിയമാനുസരണം, എജ്യുക്കേഷൻ ഫാക്കൽറ്റി ഡീൻ അംഗീകരിച്ച പഠന ബോർഡ് അദ്ധ്യക്ഷന്റെ മേൽപ്പറഞ്ഞ ശുപാർശ വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്.

ആയതിനാൽ, തമിഴ്നാട് ടീച്ചേർസ് എഡ്യൂക്കേഷൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എഡ് പൂർത്തിയാക്കിയവർ റെഗുലർ മോഡിൽ പഠിച്ചതാണെന്ന് ഉറപ്പാക്കാൻ ട്രാൻസ്ക്രിപ്റ്റ് സർട്ടിഫിക്കറ്റിനു പുറമേ താഴെപ്പറയുന്ന രേഖകൾ കൂടി സർവ്വകലാശാലാ രജിസ്ട്രാറുടെ മേലൊപ്പോടു കൂടി സ്വീകരിക്കാവുന്നതാണ് എന്നത് നിർദിഷ്ട മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

- റെഗുലർ മോഡിൽ പ്രവേശനം നേടിയതായി വ്യക്തമാക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള Genuineness Certificate.
- NCTE/സർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഹാജർ തെളിവ് (സെമസ്റ്റർ അടിസ്ഥാനത്തിലുള്ള ഹാജർ ട്രാൻസ്ക്രിപ്റ്റ് ഉൾപ്പെടെ)
- ഇന്റേൺഷിപ്പ്, ടാസ്കുകൾ, അസൈൻമെന്റുകൾ തുടങ്ങിയ ആഭ്യന്തര മൂല്യനിർണ്ണയ ഘടകങ്ങൾ വ്യക്തിപരമായി പൂർത്തിയാക്കിയതായി സ്ഥിരീകരിക്കുന്ന സർട്ടിഫിക്കറ്റ്.

തുടർന്ന് ഈ വിഷയം അക്കാദമിക് കൗൺസിൽ മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Rajeevan Mundayat Valappil

Deputy Registrar

To

വി സിയുടെ പി എസ്/പി വി സിയുടെ പി എ/രജിസ്ട്രാറുടെ പി എ/സി ഇയുടെ പി എ/ജെ ആർ, ജി എ-IV/ ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയം/സുവേഗ/ഡിജിറ്റൽ വിങ് .

Forwarded / By Order

Section Officer